"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെറീഫ ടി. ഫയൽ ചെയ്ത WP(C) No. 38534/2023-ന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 21.11.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.9661/2025/GEDN തീയതി,തിരുവനന്തപുരം, 12-11-2025

---

പരാമർശം:-

1. പാലക്കാട് വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെറീഫ ടി. സർക്കാരിൽ സമർപ്പിച്ച 09/11/2023 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P14).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 38534/2023 ന്മേലുള്ള 21.11.2023 തീയതി വിധിന്യായം.
3. ഷൊർണ്ണൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/01/2024, 05/10/2024 തീയതികളിലെ ബി/2127/2023/എഇഒ നമ്പർ കത്തുകൾ.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/01/2024 തീയതിയിലെ DEOOTP/2797/2023 നമ്പർ കത്ത്.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25/02/2024, 03/09/2024 തീയതികളിലെ ജി1/1841/2024/ഡിജിഇ നമ്പർ കത്തുകൾ.
6. പരീക്ഷാ കമ്മീഷണറുടെ 18/07/2024 തീയതിയിലെ എച്ച്(2)/27840/2024/ഡിജിഇ നമ്പർ കത്ത്.
7. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി(SCERT) ഡയറക്ടറുടെ 30/10/2024 തീയതിയിലെ CLP2/1609/2024/ SCERT(1) നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെറീഫ ടി ഫയൽ ചെയ്ത WP(C) No. 38534/2023-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P14) പുന പരിശോധനാ ഹർജി ഹർജിക്കാരിയെയും 5-ാം എതിർകക്ഷിയായ മാനേജരെയും കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 19.01.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. ഹർജിക്കാരിയായ ശ്രീമതി. ഷെരീഫ ടി.യുടെ അപേക്ഷ ഇപ്രകാരമാണ്:

പാലക്കാട് ജില്ല വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ ഷൊർണ്ണൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. 11.08.2017 മുതൽ എൽ.പി.എസ്.റ്റി.യായി മേൽ സ്കൂളിൽ ശ്രീമതി ഷെരീഫ റ്റി. എന്നവരെ നിയമിച്ചു. മേൽ നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. അങ്ങനെ തുടരവെ 01.06.2018 മുതൽ ടിയാരിയെ അധികതസ്തികയിൽ മാനേജർ നിയമിച്ചു. സ.ഉ.(പി)നം.4/2021/പൊ.വി.വ തീയതി 06.02.2021-ന്റെ വെളിച്ചത്തിൽ മേൽ നിയമനം അംഗീകരിക്കാവുന്നതാണ്. സർക്കാർ ഉത്തരവ് അനുസരിച്ച് നിയമനാംഗീകാരം ലഭിക്കുവാൻ ആവശ്യമായ ഡിക്ലറേഷൻ മാനേജർ 09.03.2021 തീയതി സമർപ്പിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും, നിയമന ഉത്തരവിന് അംഗീകാരം ലഭിച്ചില്ല. എൽ.പി.എസ്.റ്റി. തസ്തികയിലേക്ക് വേണ്ടുന്ന എല്ലാ യോഗ്യതയും ശ്രീമതി ഷെരീഫ റ്റി. എന്നവർ നേടിയിട്ടുള്ളതാണ്. ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ എന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റും ഹാജരാക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് എക്സാമിനേഷൻ പാസ്സായിട്ടുള്ളതാണ്. നിയോ സർട്ടിഫിക്കറ്റിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഉപരിപഠനത്തിനുള്ള അംഗീകാരം സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതാണ്. ശ്രീ. വിഷ്ണു എന്നിവർക്ക് നൽകിയിട്ടുള്ള അംഗീകാരം സർട്ടിഫിക്കറ്റ് ഹാജരാക്കുന്നു. കൂടാതെ, ശ്രീ.ഷെരീഫ റ്റി. കെ.ടെറ്റ് പാസ്സായിട്ടുള്ളതാണ്. മേൽ കാരണങ്ങൾ കൊണ്ട് തന്നെ എൽ.പി.എസ്.റ്റി.യായി നിയമനാംഗീകാരം ലഭിക്കുവാൻ എല്ലാ യോഗ്യതയും ശ്രീമതി ഷെരീഫ റ്റി. നേടിയട്ടുള്ളതാണ്. നിയമനാംഗീകാരം ലഭിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട പ്പെട്ട ഹൈക്കോടതിയിൽ ശ്രീമതി ഷെരീഫ റ്റി. 28580/2022 എന്ന നമ്പർ ആയി ഒരു റിട്ട് ഹർജി ഫയൽ ആകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ.ഉ.(സാധാ) നം.3191/2023/പൊ.വി.വ തീയതി 02.06.2023 പാസ്സാക്കുകയും ആയതിൽ ഉപജില്ല വിദ്യാഭ്യാസ ഓഫിസറോട് ശ്രീമതി ഷെരീഫ റ്റി. കെ.ഇ.ആർ അനുസരിച്ചുള്ള യോഗ്യത നേടിയിട്ടുള്ള തീയതി മുതൽക്ക് അംഗീകാരം നൽകുവാനും നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് ഉണ്ടായിട്ട് പോലും ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിരസിച്ചു. 29.07.2022 മുതലെങ്കിലും ശ്രീമതി ഷെരീഫ ടി. എന്നവർക്ക് നിയമനാംഗീകാരം നൽകേണ്ടതാണ്. ഇതേ സാഹചര്യത്തിലുള്ള കേസ് സർക്കാർ പരിഗണിച്ചിട്ടുള്ളതും ടിയാരിയുടെ ഫലം പ്രസിദ്ധീകരിച്ച തീയതി മുതൽക്ക് നിയമനാംഗീകാരം നൽകുവാൻ ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി ഷെരീഫ ടി. എന്നിവരുടെ നിയമനം 01.06.2018 മുതൽക്കോ അല്ലെങ്കിൽ 29.07.2022 മുതൽക്കോ അംഗീകരിച്ചു നൽകുവാൻ ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3. ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ഷൊർണ്ണൂർ ഉപജില്ലയിലെ വല്ലപ്പുഴ ഒ.എ.എൽ.പി. സ്കൂളിൽ 2017-18 വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം അനുവദിച്ച എച്ച്.ടി.വി. തസ്തികയിൽ ശ്രീമതി ഷെരീഫ ടി.യെ മാനേജർ 11.08.2017 മുതൽ നിയമിക്കുകയും നിയമനാംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ നിയമനം നടത്തിയിരിക്കുന്നത് എച്ച്.ടി.വി. ഒഴിവിൽ ആയതിനാലും ടി സ്കൂൾ 22.05.1979-ലെ പുതിയതായി അംഗീകാരം ലഭിച്ച സ്കൂളിൻറെ പട്ടികയിൽ വരുന്നതിനാലും അധികമായി വരുന്ന എല്ലാ ഒഴിവുകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതിനാൽ പ്രസ്തുത

നിയമനം ഈ കാര്യാലയത്തിലെ 25.09.2017 തീയതിയിലെ ബി/3426/17 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് നൽകിയിരുന്നു. തുടർന്ന്, 06.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് 04/2021 പ്രകാരം സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഷെരീഫ ടി. യുടെ 11.08.2017 മുതലുള്ള എൽ.പി.എസ്.റ്റി. അധികതസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി 13.03.2021-ന് മാനേജർ അപേക്ഷ പുനസമർപ്പിച്ചു. 06.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് 04/2021 പൊവിവ, 25.02.2021 തീയതിയിലെ ജെ2/87/21 പൊ.വി.വ സർക്കുലർ, 26.02.2021 തീയതിയിലെ എച്ച്2/19500/2019/ഡിജിഇ നമ്പർ സർക്കുലർ എന്നിവ പ്രകാരം അപേക്ഷ പരിശോധിച്ചു.

ശ്രീമതി ഷെരീഫ ടി.യുടെ 11.08.17 മുതലുള്ള എച്ച്.ടി.വി. തസ്തികയിലെ നിയമനാംഗീകാര അപേക്ഷയാണ് അംഗീകാരത്തിനായി മാനേജർ ആദ്യം ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നത്. എന്നാൽ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ 13.03.21-ന് സമർപ്പിച്ച അപേക്ഷയിൽ 11.08.2017 മുതലുള്ള അധികതസ്തികയിലെ നിയമനം എന്ന് നിയമന ഉത്തരവിൽ രേഖപ്പെടുത്തിയിരുന്നു.

2016-17 മുതൽ 2019-20 വരെയുള്ള തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം വല്ലപ്പുഴ ഒ.എ.എൽ.പി. സ്കൂളിന് ചുവടെ ചേർക്കുന്ന വിധത്തിൽ അധിക തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

2016-17 - 3 എൽ.പി.എസ്.റ്റി., 1 അറബിക്, 1 എച്ച്.ടി.വി.

2017-18 - 1 എൽ.പി.എസ്.റ്റി., 1 എച്ച്.ടി.വി.

2016-17-ലെ അധിക എൽ.പി.എസ്.റ്റി. തസ്തികകളിൽ,

അനൂപ കെ.പി., ഷമീന കെ.എ., അഫീഫ ടി. എന്നിവരെ 01.06.2016 മുതലും 2017-18-ലെ എൽ.പി.എസ്.റ്റി. അധികതസ്തികയിൽ ശ്രീ അനസ് സി.പി.യെ 31.07.2017 മുതലും മാനേജർ നിയമിച്ചിരുന്നു. ഈ അധിക തസ്തികയിലെ നിയമനങ്ങളെല്ലാം ഈ കാര്യാലയത്തിൽ നിന്ന് നിരസിച്ച് നൽകിയിരുന്നു. ഈ വിദ്യാലയത്തിലെ എൽ.പി.എസ്.റ്റി. ശ്രീമതി സബിത എം. 6.07.2017-ന് മരണമടഞ്ഞ ഒഴിവിലേക്ക് ശ്രീമതി അനൂപ കെ.പി.യെ 26.07.2017 മുതലും ഇതേ വിദ്യാലയത്തിലെ ശ്രീമതി ശ്യാമള ടി. എന്ന അദ്ധ്യാപിക 31.03.2018-ന് വിരമിച്ചപ്പോൾ ശ്രീമതി ഷമീന കെ.എ.യെ 01.06.2018 മുതലും, ശ്രീമതി അഫീഫ ടി. എൽ.പി.എസ്.റ്റി.യെ ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള പാറുക്കോണം സ്കൂളിലെ റഗ്ലർ ഒഴിവിലേക്ക് 06.06.2019 മുതലും മാനേജർ മാറ്റി നിയമിച്ചിരുന്നു. ശ്രീമതി അനൂപ കെ.പി.യുടെയും ഷമീന കെ.എ.യുടെയും നിയമനങ്ങൾ ഈ കാര്യാലയത്തിൽ നിന്നും, ശ്രീമതി അഫീഫ ടി.യുടെ നിയമനം ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും അംഗീകരിച്ച് നൽകിയിട്ടുണ്ട്.

2016-17-ൽ അനുവദിച്ച 3 അധിക എൽ.പി.എസ്.റ്റി. തസ്തികയിൽ 26.07.17, 01.06.18, 06.06.19 എന്നീ തീയ്യതികളിൽ മേൽ സൂചിപ്പിച്ച പ്രകാരം ഒഴിവ് ലഭ്യമായിട്ടുണ്ടായിരുന്നു. സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഷെരീഫ പി.കെ. എൽ.ജി. അറബിക്, ശ്രീമതി നിത പി. എൽ.പി.എസ്.റ്റി., ശ്രീമതി ഷെരീഫ ടി. എൽ.പി.എസ്.റ്റി., ശ്രീമതി സബീഖ എം. എൽ.പി.എസ്.റ്റി.എന്നിവരുടെ യഥാക്രമം 01.06.16, 01.08.17, 11.08.17, 06.06.19 തീയ്യതികളിലെ നിയമനം അംഗീകരിച്ച് കിട്ടുന്നതിന് വേണ്ടിയാണ് മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നത്. 04/2021 ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി ഷെരീഫ പി.കെ.യുടെ (എൽ.ജി.അറബിക്) 15.07.16 മുതലുള്ള നിയമനവും ശ്രീമതി നിത പി.യുടെ 01.08.17 മുതലുള്ള നിയമനവും ശ്രീമതി സബീഖ എം.ന്റെറെ 06.06.19 മുതലുള്ള നിയമനവും ഈ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ച് നൽകിയിട്ടുണ്ട്.

ശ്രീമതി ഷെരീഫ ടി.യുടെ 11.08.17 മുതലുള്ള എൽ.പി.എസ്.റ്റി. അധികതസ്തികയിലെ

നിയമനാംഗീകാര അപേക്ഷ പരിശോധിച്ചപ്പോൾ നിയമന തീയ്യതിയിൽ ടിയാരിക്ക് നിലനിൽക്കാനുള്ള തസ്തികയില്ലെന്നും 01.06.18 നാണ് തസ്തിക ലഭ്യമാകുന്നതെന്നും കണ്ടെത്താനായി. കൂടാതെ, അധികതസ്തിക കഴിഞ്ഞതിന് ശേഷം എച്ച്.ടി.വി. തസ്തിക മാത്രമേ നിലനിൽക്കുന്നുള്ള എന്ന് ബോദ്ധ്യപ്പെട്ടുകയും ചെയ്തു.

എച്ച്.ടി.വി. തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരുടെ പട്ടികയിൽ നിന്ന് നിയമനം നടത്തേണ്ടതിനാലും നിയമനാർത്ഥിയുടെ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് (മഹാരാഷ്ട്ര സർക്കാരിന്റെ പ്ലസ് ടു സർട്ടിഫിക്കറ്റ്) സത്യസന്ധതാ പരിശോധനക്ക് അയച്ചതിൽ ആയത് മഹാരാഷ്ട്ര സർക്കാരിന്റെ കീഴിൽ ഉള്ളതല്ല എന്നറിയിപ്പ് ലഭിച്ചതിനാലും ഈ കാര്യാലയത്തിലെ 18.09.21 തിയതിയിലെ ബി/8770/21 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ഷെരീഫ ടി.യുടെ 11.08.17 മുതലുള്ള അധിക എൽ.പി.എസ്.റ്റി. തസ്തികയിലെ നിയമനം നിരസിച്ച് ഉത്തരവായിരുന്നു.

ഈ ഉത്തരവിനെതിരെ ശ്രീമതി ഷെരീഫ ടി. WP(C) 28580/2022 ഫയൽ ചെയ്യുകയും 15.09.22 തിയതിയിലെ വിധിന്യായം, സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3191/2023/പൊ.വി.വ തീയ്യതി 02.06.23 പ്രകാരം നടപ്പിലാക്കി ഉത്തരവാകുകയും ചെയ്തിരുന്നു. ശ്രീമതി ഷെരീഫ ടി.യുടെ 11.08.17 മുതലോ, 01.06.18 മുതലോ ഉള്ള നിയമനം ആവശ്യമായ യോഗ്യത ഇല്ലാത്തതിനാൽ അംഗീകരിക്കുവാൻ നിർവാഹമില്ലെന്നും ആയതിനാൽ ടിയാൾ കെ.ഇ.ആർ. പ്രകാരമുള്ള യോഗ്യത നേടിയ തീയ്യതി മുതൽ ടി നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം ലഭിച്ചിരുന്നു.

ആയത് പ്രകാരം ടിയാരിയുടെ നിശ്ചിത യോഗ്യത നേടിയ തീയതി മുതലുള്ള നിയമന പ്രൊപ്പോസൽ കെ.ഇ.ആർ. പ്രകാരമുള്ള നടപടികൾ പാലിച്ച് സമർപ്പിക്കുന്നതിന് 13.06.2023 തീയതിയിലെ ബി/2558/22 നമ്പർ കത്ത് പ്രകാരം ഒ.എ.എൽ.പി. സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. ശ്രീമതി ഷെരീഫ ടി. നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗിൽ നിന്ന് സീനിയർ സെക്കൻഡറി സ്കൂൾ എക്സാമിനേഷൻ 14.06.22-ന് പാസ്സായിട്ടുണ്ടായിരുന്നു. ഈ യോഗ്യതയുടെ അടിസ്ഥാനത്തിലും സർക്കാർ ഉത്തരവിന് വിധേയമായും ശ്രീമതി ഷെരീഫ ടി.യെ 01.06.2018 മുതൽ ശ്രീമതി ഷമീന കെ.എ.യെ റഗുലർ വേക്കൻസിയിലേക്ക് മാറ്റി നിയമിച്ചത് പ്രകാരം 01.06.18 മുതൽ സംജാതമായ അഡീഷണൽ തസ്തികയിൽ നിയമിച്ചുകൊണ്ടുള്ള നിയമനാംഗീകാര അപേക്ഷ മാനേജർ സമർ പ്പിച്ചിരുന്നു. നിയമനാംഗീകാര അപേക്ഷയോടൊപ്പം 29.07.22 മുതൽ ഷെരീഫ ടി.യുടെ നിയമനം അംഗീകരിച്ച് നൽകണമെന്ന് അപേക്ഷിച്ച കൊണ്ടുള്ള കത്തും മാനേജർ സമർപ്പിച്ചിരുന്നു.

01.06.2018 മുതൽ ശ്രീമതി ഷെരീഫ ടി.ക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമാകുന്നുണ്ട്. കൂടാതെ, ടിയാരി 14.06.2022-ന് നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്ന് സീനിയർ സെക്കൻഡറി സ്കൂൾ പരീക്ഷ പാസ്സായിട്ടുമുണ്ട്. എന്നാൽ ശ്രീമതി ഷെരീഫ ടി. മഹാരാഷ്ട്ര സർക്കാരിൻ്റെ പ്ലസ് ടു യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ഡി.എഡ്, കെ-ടെറ്റ് എന്നീ യോഗ്യതകൾ നേടിയിരിക്കുന്നത്. പ്ലസ് ടു സർട്ടിഫിക്കറ്റ് സത്യസന്ധതാ പരിശോധനയ്ക്ക് അയച്ചത് പ്രകാരം യഥാർത്ഥമായതല്ല എന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ളതിനാൽ ഈ സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ യോഗ്യതയാക്കി നേടിയ ഡിഎൽഎഡ്,

കെ.ടെറ്റ് എന്നീ യോഗ്യതകൾ ക്രമപ്രകാരമല്ലെന്ന് കാണുന്നു.

ഡി.എഡ്, കെ.ടെറ്റ് എന്നിവ പാസ്സായതിന് ശേഷമാണ് ശ്രീമതി ഷെരീഫ ടി. 14.06.2022-ന് നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്ന് സീനിയർ സെക്കൻഡറി സ്കൂൾ എക്സാമിനേഷൻ പാസ്സായിരിക്കുന്നത് എന്നതിനാൽ നിയമന തീയ്യതിയിൽ നിശ്ചിത യോഗ്യതയുള്ളതായി കണക്കാക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ശ്രീമതി ഷെരീഫ ടി.യുടെ 01.06.2018 മുതലുള്ള എൽ.പി.എസ്.റ്റി. അധികതസ്തികയിലെ നിയമനം 02.11.2023 തീയ്യതിയിലെ ബി/51570/23 നമ്പർ പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ച് ഉത്തരവാകുകയാണുണ്ടായത് എന്ന് ബോധിപ്പിച്ച് കൊള്ളുന്നു.

നിലവിൽ ശ്രീമതി ഷെരീഫ ടി. 14.06.2022-ന് നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്ന് നേടിയ സീനിയർ സെക്കൻഡറി സ്കൂൾ എക്സാമിനേഷന്റെ അടിസ്ഥാനത്തിൽ ഡി.എഡ്, കെ.ടെറ്റ് എന്നി യോഗ്യതകൾ ഒന്നും തന്നെ നേടിയിട്ടില്ലാത്തതിനാൽ ടിയാരിക്ക് എൽ.പി.എസ്.റ്റി.ക്ക് അർഹതയില്ല.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ഉപജില്ലയിലെ വല്ലപ്പുഴ ഒ.എ.എൽ.പി. സ്കൂളിൽ 2017-18 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം അനുവദിച്ച എച്ച്.ടി.വി തസ്തികയിൽ ശ്രീമതി ഷെരീഫ ടി.യെ മാനേജർ 11.08.2017 മുതൽ നിയമിച്ചു.

ടി നിയമനം നടത്തിയിരിക്കുന്നത് എച്ച്.ടി.വി. ഒഴിവിൽ ആയതിനാലും ടി സ്കൂൾ 22.05.1979-ലെ പുതിയതായി അംഗീകാരം ലഭിച്ച സ്കൂളിൻ്റെ പട്ടികയിൽ വരുന്നതിനാലും അധികമായി വരുന്ന എല്ലാ ഒഴിവുകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതിനാൽ പ്രസ്തുത നിയമനം AEO നിരസിച്ച് നൽകി. തുടർന്ന്, 06.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് 04/2021 പ്രകാരം സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഷെരീഫ ടി.യുടെ 11.08.2017 മുതലുള്ള എൽ.പി.എസ്.റ്റി. അധികതസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി 13.03.2021-ന് മാനേജർ AEO-യ്ക്ക് അപേക്ഷ പുന:സമർപ്പിച്ചു.

2016-17 മുതൽ 2019-20 വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം വല്ലപ്പുഴ ഒ.എ.എൽ.പി.സ്കൂളിന് ചുവടെ ചേർക്കുന്ന വിധത്തിൽ അധിക തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

2016-17 - 3 എൽ.പി.എസ്.റ്റി., 1 അറബിക്, 1 എച്ച്.ടി.വി.

2017-18 - 1 എൽ.പി.എസ്.റ്റി., 1 എച്ച്.ടി.വി.

ശ്രീമതി ഷെരീഫ ടി.യുടെ 11.08.17 മുതലുള്ള എൽ.പി.എസ്.റ്റി. അധികതസ്തികയിലെ നിയമനാംഗീകാര അപേക്ഷ പരിശോധിച്ചപ്പോൾ നിയമന തീയ്യതിയിൽ ടിയാരിക്ക് നിലനിൽക്കാനുള്ള തസ്തികയില്ലെന്നും 01.06.18-നാണ് തസ്തിക ലഭ്യമാകുന്നതെന്നും കൂടാതെ, അധികതസ്തിക കഴിഞ്ഞതിന് ശേഷം എച്ച്.ടി.വി. തസ്തിക മാത്രമേ നിലനിൽക്കുന്നുള്ളൂ എന്ന് ബോദ്ധ്യപ്പെട്ടുകയും ചെയ്തതായും എച്ച്.ടി.വി. തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരുടെ പട്ടികയിൽ നിന്ന് നിയമനം നടത്തേണ്ടതിനാലും നിയമനാർത്ഥിയുടെ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് (മഹാരാഷ്ട്ര സർക്കാരിൻ്റെ പ്ലസ് ടു സർട്ടിഫിക്കറ്റ്) സത്യസന്ധതാ പരിശോധനക്ക് അയച്ചതിൽ ആയത് മഹാരാഷ്ട്ര സർക്കാരിൻ്റെ കീഴിൽ ഉള്ളതല്ല എന്നറിയിപ്പ് ലഭിച്ചതിനാലും ശ്രീമതി. ഷെരീഫ ടി.യുടെ 11.08.17 മുതലുള്ള അധിക എൽ.പി.എസ്.റ്റി. തസ്തികയിലെ നിയമനം AEO നിരസിച്ച് ഉത്തരവായി. മേൽ ഉത്തരവിനെതിരെ ശ്രീമതി ഷെരീഫ ടി. WP(C) No.28580/2022 ഫയൽ ചെയ്യുകയും 15.09.22 തിയതിയിലെ വിധിന്യായം, സർക്കാർ ഉത്തരവ്

(സാധാ) നമ്പർ 3191/2023/പൊ.വി.വ തീയ്യതി 02.06.23 പ്രകാരം നടപ്പിലാക്കി ഉത്തരവാകുകയും ചെയ്തിരുന്നു.

ശ്രീമതി ഷെരീഫ ടി. നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗിൽ നിന്ന് സീനിയർ സെക്കൻഡറി സ്കൂൾ എക്സാമിനേഷൻ 14.06.22-ന് പാസ്സായിട്ടുണ്ട്. ഈ യോഗ്യതയുടെ അടിസ്ഥാനത്തിലും സർക്കാർ ഉത്തരവിന് വിധേയമായും ശ്രീമതി ഷെരീഫ ടി.യെ 01.06.2018 മുതൽ ശ്രീമതി ഷമീന കെ.എ.യെ റഗുലർ വേക്കൻസിയിലേക്ക് മാറ്റി നിയമിച്ചത് പ്രകാരം 01.06.18 മുതൽ സംജാതമായ അഡീഷണൽ തസ്തികയിൽ നിയമിച്ചുകൊണ്ടുള്ള നിയമനാംഗീകാര അപേക്ഷ മാനേജർ സമർപ്പിച്ചു.

01.06.2018 മുതൽ ശ്രീമതി ഷെരീഫ ടി.ക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമാകുന്നുണ്ട്. കൂടാതെ, ടിയാരി 14.06.2022-ന് നോയിഡയിലെ നാഷണൽ ഇൻസ്ററിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്ന് സീനിയർ സെക്കൻഡറി സ്കൂൾ പരീക്ഷ പാസ്സായിട്ടുമുണ്ട്. എന്നാൽ ശ്രീമതി ഷെരീഫ ടി. മഹാരാഷ്ട്ര സർക്കാരിന്റെ പ്ലസ് ടു യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ഡി.എഡ്, കെ.ടെറ്റ് എന്നീ യോഗ്യതകൾ നേടിയിരിക്കുന്നത്. പ്ലസ് ടു സർട്ടിഫിക്കറ്റ് സത്യസന്ധതാ പരിശോധനക്ക് അയച്ചത് പ്രകാരം യഥാർത്ഥമായതല്ല എന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ളതിനാൽ ഈ സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ യോഗ്യതയാക്കി നേടിയ ഡി.എഡ്, കെ- ടെറ്റ് എന്നീ യോഗ്യതകൾ ക്രമപ്രകാരമല്ലെന്ന് കാണുന്നതായി AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഡി.എഡ്, കെ ടെറ്റ് എന്നിവ പാസ്സായതിന് ശേഷമാണ് ശ്രീമതി ഷെരീഫ ടി. 14.06.2022-ന് നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്ന് സീനിയർ സെക്കൻഡറി സ്കൂൾ എക്സാമിനേഷൻ പാസ്സായിരിക്കുന്നത് എന്നതിനാൽ നിയമന തീയ്യതിയിൽ നിശ്ചിത യോഗ്യതയുള്ളതായി കണക്കാക്കാൻ കഴിയില്ല എന്നും ഈ സാഹചര്യത്തിലാണ് ശ്രീമതി. ഷെരീഫ ടി.യുടെ 01.06.2018 മുതലുള്ള എൽ.പി.എസ്.റ്റി. അധികതസ്തികയിലെ നിയമനം AEO നിരസിച്ച് ഉത്തരവായത് എന്നും AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**5.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ അധികതസ്തികയിലെ നിയമനം 01.06.2018 മുതൽക്കോ ടിയാരി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്നും സീനിയർ സെക്കൻഡറി സ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ തീയതിയായ 29.07.2022 മുതൽക്കോ നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2017-18 വർഷത്തെ എച്ച്.റ്റി.വി. തസ്തികയിൽ 11.08.2017 മുതൽ ഹർജിക്കാരിയെ മാനേജർ നിയമിച്ചു. എന്നാൽ ടി സ്കൂൾ ന്യൂ സ്കൂളായതിനാലും അധികമായി വരുന്ന എല്ലാ ഒഴിവുകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതിനാലും ടി നിയമനത്തിന് അംഗീകാരം ലഭിച്ചില്ല. എൽ.പി.എസ്.എ. ആയിരുന്ന ശ്രീമതി. ശ്യാമള ടി. 31.03.2018-ൽ വിരമിച്ച ഒഴിവിൽ മാനേജർ ഷെമീന കെ.എ.യെ 01.06.2018 തീയതി മുതൽ നിയമിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. മാനേജർ 09.03.2021 തീയതിയിൽ G.O.(P) No. 4/2021/GEDN തീയതി 06.02.2021 പ്രകാരമുള്ള സത്യപ്രസ്താവന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഹർജിക്കാരി D.Ed, നാഷണൽ ഓപ്പൺ സ്കൂളിൻ്റെ Senior Secondary School Examination

Certificate, KTET എന്നിവ നേടിയിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച 4 എൽ.പി.എസ്.ടി. തസ്തികകളിൽ നിയമിക്കപ്പെട്ട മൂന്ന് പേർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

ഹർജിക്കാരിക്ക് 11.08.2017 മുതൽ നിലനിൽക്കുവാനുള്ള തസ്തികയില്ലെന്നും; 01.06.2018-ന് തസ്തിക ലഭ്യമാകുന്നുണ്ടെന്നും, അധികതസ്തിക കൂടാതെ, HTV തസ്തികയും നിലനിൽക്കുന്നുണ്ടെന്നും; HTV തസ്തികയിൽ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടതെന്നും; ടിയാരിയുടെ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റിന്റെ (മഹാരാഷ്ട്രാ സർക്കാരിന്റെ +2 സർട്ടിഫിക്കറ്റ്) സത്യസന്ധതാ പരിശോധനയിൽ അത് ടി സർക്കാരിന്റെ കീഴിലല്ല എന്ന് അറിയിപ്പ് ലഭിച്ചെന്നും; ഇക്കാരണത്താൽ, ടിയാരിയുടെ നിയമനം നിരസിച്ചെന്നും; എന്നാൽ ടിയാരി ഫയൽ ചെയ്ത WP(C) 28580/2022-ന്റെ 15.09.2022-ലെ വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം പുറപ്പെടുവിച്ച 02.06.2023 തീയതിയിലെ G.O.(Rt) 3191/2023/പൊ.വി.വ. പ്രകാരം, ടിയാരിക്ക് KER പ്രകാരമുള്ള യോഗ്യത നേടിയ തീയതി മുതൽ നിയമനാംഗീകാരം നൽകുവാൻ നിർദ്ദേശിച്ചിരുന്നുവെന്നും; 01.06.2018 മുതൽ ടിയാരിക്ക് നിലനിൽക്കുവാൻ തസ്തിക ലഭ്യമാണെന്നും; 14.06.2022-ൽ NIOS-ന്റെ സീനിയർ സെക്കൻഡറി സ്കൂൾ പരീക്ഷ പാസ്സായിട്ടുണ്ടെന്നും; എന്നാൽ ടിയാരി നേടിയ അംഗീകാരമില്ലാത്ത D.Ed സർ ട്ടിഫിക്കറ്റ് ഉപയോഗിച്ചാണ് K-TET പാസ്സായിട്ടുള്ളത് എന്നതിനാൽ നിശ്ചിത യോഗ്യതയുള്ളതായി കണക്കാക്കുവാൻ കഴിയില്ലെന്നും; 14.06.2022-ൽ NIOS-ൽ നിന്നും ലഭിച്ച സീനിയർ സെക്കൻഡറി സ്കൂൾ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല ടിയാരി D.Ed-ഉം KTET-ഉം നേടിയിട്ടുള്ളതെന്നും; അതിനാൽ ടിയാരിയുടെ നിയമനം അംഗീകരിക്കുവാൻ കഴിയില്ലെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റിട്ട് പെറ്റീഷനിൽ EXT P6 ആയി സമർപ്പിച്ചിട്ടുള്ള D.Ed Certificate പരിശോധിച്ചതിൽ ടി സർട്ടിഫിക്കറ്റ് 31.05.2017-ലാണ് നൽകിയിട്ടുള്ളതെന്നും കോഴ്സ് ചെയ്തിരിക്കുന്നത് 2015-17 വർഷത്തിലാണെന്നും; ടി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് Board of Public Examination, Govt. of Kerala, General Education Department ആണെന്നും കാണുന്നുണ്ട്. അംഗീകാരമില്ലാത്ത + 2 കോഴ്സ് സർട്ടിഫിക്കറ്റ് ഉപയോഗിച്ചാണ് ടിയാരി DEd-ഉം KTET-ഉം നേടിയത് എന്നും; ടി സർട്ടിഫിക്കറ്റുകൾ നേടിയ ശേഷമാണ് ടിയാരി National Institute of Open School-Senior Secondary Examination Certificate നേടിയതെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതേ നിയമന വിഷയത്തിൽ, 02.06.2023 തീയതിയിലെ G.O.(Rt) No.3191/2023/പൊ.വി.വ. പ്രകാരം ടിയാരിക്ക് KER പ്രകാരമുള്ള യോഗ്യത നേടിയ തീയതി മുതൽ നിയമനാംഗീകാരം നൽകുവാൻ നിർദ്ദേശിച്ചിരുന്നു. ശ്രീമതി ഷെരീഫ ടി. മഹാരാഷ്ട്ര സർക്കാരിന്റെ പ്ലസ് ടു യോഗ്യതയുടെ അടിസ്ഥാനത്തിലാണ് DEd, കെ.ടെറ്റ് എന്നീ യോഗ്യതകൾ നേടിയിരിക്കുന്നത് എന്നതിനാലും പ്ലസ് ടു സർട്ടിഫിക്കറ്റ് സത്യസന്ധതാ പരിശോധനക്ക് അയച്ചത് പ്രകാരം യഥാർത്ഥമായതല്ല എന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ളതിനാൽ ഈ സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ യോഗ്യതയാക്കി നേടിയ DEd, കെ-ടെറ്റ് എന്നീ യോഗ്യതകൾ ക്രമപ്രകാരമല്ലെന്ന് കാണുന്നതായി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർ ട്ട് ചെയ്തിട്ടുള്ളതിനാലും അംഗീകാരമില്ലാത്ത +2 യോഗ്യതാ സർട്ടിഫിക്കറ്റ് ഉപയോഗിച്ചാണ് ഹർജിക്കാരി മറ്റ് യോഗ്യതാ സർട്ടിഫിക്കറ്റുകൾ (D.Ed, K-TET) എന്നിവ നേടിയിട്ടുള്ളത് എന്നതിനാൽ അംഗീകാരമില്ലാത്ത +2 യോഗ്യതാസർട്ടിഫിക്കറ്റ് ഉപയോഗിച്ച് നേടിയ മറ്റ് യോഗ്യതാസർട്ടിഫിക്കറ്റുകൾ (D.Ed, K-TET) റദ്ദ് ചെയ്യുന്ന വിഷയത്തിൽ ഡിജിഇ,

എസ് സി ഇ ആർ ടി, കമ്മിഷണർ പരീക്ഷാഭവൻ എന്നിവരിൽ നിന്ന് റിപ്പോർട്ട് തേടിയപ്പോൾ; ശ്രീമതി. ഷെറീഫ ടി. കൃത്രിമമായി തയ്യാറാക്കിയ +2 സർട്ടിഫിക്കറ്റ് മുഖേനയാണ് മറ്റ് വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടുള്ളത് എന്നും തുടർ പഠനത്തിന് വേണ്ടി ഉപയോഗിച്ച സർട്ടിഫിക്കറ്റുകൾ മഹാരാഷ്ട്ര സ്റ്റേറ്റ് ബോർഡിൽ നിന്നും നൽകിയിട്ടുള്ളവയല്ല എന്ന് പരീക്ഷാ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ അപേക്ഷക അനർഹമായി വ്യാജരേഖ ചമച്ച് കൊണ്ട് നേടിയ ഉപരിപഠന സർട്ടിഫിക്കറുകൾ റദ്ദ് ചെയ്യുവാനും ടിയാൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും എസ് സി ഇ ആർ ടി ഡയറക്ടറും പൊതു വിദ്യാഭ്യാസ ഡയറക്ടറും ശുപാർശ ചെയ്യുകയും ടിയാളുടെ യോഗ്യതാ പരിശോധനയിൽ വീഴ്ച വന്നിട്ടുള്ളതിനാൽ ടിയാളുടെ ഡി.എഡ്, കെ-ടെറ്റ് സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുന്നതിൽ ആക്ഷേപമില്ലെന്ന് പരീക്ഷാ കമ്മീഷണറും
റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. ഷെരീഫ ടി.യുടെ 11.08.2017 മുതലോ, 01.06.2018 മുതലോ ഉള്ള നിയമനം, ആവശ്യമായ യോഗ്യത ഇല്ലാത്തതിനാൽ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നും, ആയതിനാൽ, ടിയാൾ കെ.ഇ.ആർ. പ്രകാരമുള്ള യോഗ്യത നേടിയ തീയതി മുതൽ ടി നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് ഷോർണ്ണൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും 02.06.2023 തീയതിയിലെ സ.ഉ.(സാധാ) നം. 3191/2023/GEDN നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടിയാളുടെ നിയമന വിഷയം പരിശോധിക്കുകയും ഡിഎഡ്., കെ ടെറ്റ് എന്നിവ പാസ്സായതിനു ശേഷമാണ് ശ്രീമതി. ഷെരീഫ ടി. 14.06.2022-നു നോയിഡ-യിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്-ൽ നിന്ന് സീനിയർ സെക്കണ്ടറി സ്കൂൾ എക്സാമിനേഷൻ പാസ്സായിരിക്കുന്നത് എന്നതിനാൽ നിശ്ചിത യോഗ്യത ഉള്ളതായി കണക്കാക്കാൻ കഴിയില്ലെന്നും നിയമന തീയതിയിൽ നിശ്ചിത യോഗ്യത ഇല്ലാത്തതിനാൽ ഈ നിയമനം മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുകൂലമായി പരിഗണിക്കാൻ കഴിയാത്തതിനാൽ നിയമനം നിരസിച്ചുകൊണ്ട് ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭാസ ഓഫീസർ 02.11.2023 തീയതിയിലെ B/51570/2023 നമ്പർ ഉത്തരവ് (Ext.P12) പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

ശ്രീമതി. ഷെരീഫ ടി. എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതകളായ D.Ed., KTET എന്നിവയുടെ സർട്ടിഫിക്കറ്റ് നേടിയത് കൃത്രിമമായി തയ്യാറാക്കിയ +2 സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണെങ്കിൽ പ്രസ്തുത +2 സർട്ടിഫിക്കറ്റിന്റെ validity ഇല്ലാതാകുന്നതോടെ അതിന്റെ അടിസ്ഥാനത്തിൽ കരസ്ഥമാക്കിയ മറ്റ് യോഗ്യതകളുടെയും validity ഇല്ലാതാകുന്നതാണ്. അതായത്, ടിയാളുടെ +2 സർട്ടിഫിക്കറ്റ് invalid ആയതോടെ, അതിന്റെ അടിസ്ഥാനത്തിൽ നേടിയ D.Ed., KTET എന്നിവ നിലനിൽക്കുകയില്ല. അംഗീകാരമില്ലാത്ത +2 യോഗ്യതയുടെ അടിസ്ഥാനത്തിൽ നേടിയ D.Ed., KTET എന്നീ യോഗ്യതകൾ തുടക്കത്തിൽത്തന്നെ invalid ആണെന്നും, പിന്നീട് നേടിയ +2 യോഗ്യതകൊണ്ട് ആദ്യത്തെ invalid ആയ യോഗ്യതകളെ സാധൂകരിക്കാൻ കഴിയില്ല.

Union Of India & Ors vs M. Bhaskaran,1996 AIR 686 കോടതി ചുവടെ പറയും പ്രകാരം നിരീക്ഷിച്ചിട്ടുണ്ട്,

"It was clearly a case of fraud on the appellant-employer. If once such fraud is

detected, the appointment orders themselves which were found to be tainted and vitiated by fraud and acts of cheating on the part of employees, were liable to be recalled and were at least voidable at the option of the employer concerned. This is precisely what has happened in the present case. Once the fraud of the respondents in getting such employment was detected the respondents were proceeded against in departmental enquiries and were called upon to have their say and thereafter have been removed from service. Such orders of removal would amount to recalling of fraudulently obtained erroneous appointment orders which were avoided by the employer- appellant after following the due procedure of law and complying with the principles of natural justice"

ബഹു. സുപ്രീം കോടതി R. Vishwanatha Pillai vs State Of Kerala & Ors (AIR 2004 SUPREME COURT 1469) എന്ന കേസിൽ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി,

"In Ishwar Dayal Sah Vs. State of Bihar, 1987 Lab.I.C. 390, the Division Bench of the Patna High Court examined the point as to whether a person who obtained the appointment on the basis of a false caste certificate was entitled to the protection of Article 311 of the Constitution. In the said case the employee had obtained appointment by producing a caste certificate that he belonged to a Scheduled Caste community which later on was found to be false. His appointment was cancelled. It was contended by the employee that the cancellation of his appointment amounted to removal from service within the meaning of Article 311 of the Constitution and therefore void. It was contended that he could not be terminated from service without holding departmental inquiry as provided under the Rules. Dealing with the above contention, the High Court held that if the very appointment to the civil post is vitiated by fraud, forgery or crime or illegality, it would necessarily follow that no constitutional rights under Article 311 of the Constitution can possibly flow. It was held:

"If the very appointment to civil post is vitiated by fraud, forgery or crime or illegality, it would necessarily follow that no constitutional rights under Article 311 can possible flow from such a tainted force. In such a situation, the question is whether the person concerned is at all a civil servant of the Union or the State and if he is not validly so, then the issue remains outside the purview of Art. 311. If the very entry or the crossing of the threshold into the arena of the civil service of the State or the Union is put in issue and door is barred against him, the cloak of protection under Art. 311 is not attracted."

The point was again examined by a Full Bench of the Patna High Court in Rita Mishra Vs. Director, Primary Education, Bihar, AIR 1988 Patna 26. The question posed before the Full Bench was whether a public servant was entitled to payment of salary to him for the work done despite the fact that his letter of appointment was forged, fraudulent or illegal.

The Full Bench held:
" It is manifest from the above that the rights to salary, pension and other servicebenefits are entirely statutory in nature in pubic service. Therefore, these rights including the right to salary, spring from a valid and legal appointment to the post. Once it is found that the very appointment is illegal and is non est in the eye of law, no statutory entitlement for salary or consequential rights of pension and other monetary benefits can arise. In particular, if the very appointment is rested on forgery, no statutory right can flow it."
We agree with the view taken by the Patna High Court in the aforesaid cases."

മേൽ സാഹചര്യത്തിൽ, ശ്രീമതി. ഷെറീഫ ടി കൃത്രിമമായി തയ്യാറാക്കിയ +2 സർട്ടിഫിക്കറ്റ് മുഖേനയാണ് D.Ed, K-TET എന്നീ യോഗ്യതകൾ നേടിയിരിക്കുന്നത് എന്ന് കാണുന്നു. ആയതിനാൽ +2 സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ യോഗ്യതയാക്കി നേടിയ ടിയാളുടെ D.Ed, K-TET സർട്ടിഫിക്കറ്റുകൾ റദ്ദാക്കിയും തുടർ പഠനത്തിന് വേണ്ടി ഉപയോഗിച്ച സർട്ടിഫിക്കറ്റുകൾ മഹാരാഷ്ട്ര സ്റ്റേറ്റ് ബോർഡിൽ നിന്നും നൽകിയിട്ടുള്ളവയല്ല എന്ന് പരീക്ഷാ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ അനർഹമായി വ്യാജരേഖ ചമച്ച് കൊണ്ട് ഉപരിപഠന സർട്ടിഫിക്കറ്റുകൾ സ്വായത്തമാക്കിയ പാലക്കാട് വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെറീഫ ടി - യ്ക്കെതിരെ വിജിൻസ് അന്വേഷണം നടത്തി തുടർ നിയമ നടപടി സ്വീകരിക്കുന്നതിന് ടി രേഖകളുടെ പകർപ്പുകൾ വിജിലൻസ് വകുപ്പിന് കൈമാറിയും, കൃത്രിമമായി തയ്യാറാക്കിയ +2 സർട്ടിഫിക്കറ്റ് മുഖേനയാണ് D.Ed, K-TET എന്നീ യോഗ്യതകൾ നേടിയിരിക്കുന്നത് എന്നതിനാൽ തന്നെ ടിയാളുടെ പരാമർശം 1 പുന പരിശോധനാ ഹർജിയിലെ (EXT P14) ആവശ്യം പരിഗണനാർഹമല്ല. ആയത് നിരസിച്ച് തീർപ്പാക്കി അപ്രകാരം WP(C) No. 38534/2023-ന്മേൽബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-
- അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
- പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
- പരീക്ഷാ കമ്മീഷണർ, പൂജപ്പുര, തിരുവനന്തപുരം.
- ഡയറക്ടർ, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി(SCERT), പൂജപ്പുര, തിരുവനന്തപുരം.
- വിജിലൻസ് വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
- ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
- ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ, പാലക്കാട് ജില്ല.
- മാനേജർ, ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂൾ, വല്ലപ്പുഴ, ഷൊർണ്ണൂർ, പാലക്കാട്.
- ശ്രീമതി. ഷെറീഫ ടി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ, ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂൾ, വല്ലപ്പുഴ, ഷൊർണ്ണൂർ,

പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ(ജെഎ) വകുപ്പ്(19.6.2024ലെ ജെഎ1/184/2024-

പൊവിവ കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 13-11-2025 14:24:04

സെക്ഷൻ ഓഫീസർ